# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിലൂടെ പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ചവർക്ക് നീതി ലഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, success of Operation Sindoor gives justice to the victims of Pahalgam terror attack.**

2. ജമ്മു കശ്മീരിലെ കുൽഗാം ജില്ലയിൽ സുരക്ഷാ സേനയുമായി നടന്ന ഏറ്റുമുട്ടലിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു.

   **In Jammu & Kashmir, two terrorists have been killed in an encounter with security forces at Kulgam district.**

3. മലയാളത്തിലെ പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ എം കെ സാനു അന്തരിച്ചു.

   **Renowned Malayalam literary critic, writer M. K. Sanu passed away.**

4. കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. ഒമ്പത് ജില്ലകളിൽ മഞ്ഞ ജാഗ്രത. കടലാക്രമണ സാധ്യതയുള്ളതിനാൽ തീരദേശവാസികൾക്ക് ജാഗ്രതാ നിർദേശം.

   **Rain is intensifying in Kerala. Yellow alert has been issued in nine districts. Coastal residents have been advised to remain vigilant due to the possibility of sea incursion.**

5. ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

   **India's second innings batting is underway in the Oval cricket Test against England.**

&&&&&&&&&&&&&&&&&&

## PM -KISAN (INTRO)

പിഎം കിസാൻ സമ്മാൻ നിധി പദ്ധതി കർഷക ക്ഷേമത്തോടുള്ള കേന്ദ്രസർക്കാരിൻറെ പ്രതിബദ്ധതയുടെ ഉദാഹരണമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വാരാണസിയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിലൂടെ പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ചവർക്ക് നീതി ലഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് 20-ആം ഗഡുവിലൂടെ കൈമാറുന്നത്.

&&&&&&&&&&&&&&&&&&

## J AND K ENCOUNTER

ജമ്മു കശ്മീരിലെ കുൽഗാം ജില്ലയിൽ സുരക്ഷാ സേനയുമായി നടന്ന ഏറ്റുമുട്ടലിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു. പ്രദേശത്ത് തീവ്രവാദികളുടെ സാന്നിധ്യമുണ്ടെന്ന് രഹസ്യ വിവരം ലഭിച്ചതിനെത്തുടർന്ന് ഇന്നലെ മുതൽ സൈന്യവും ജമ്മു കശ്മീർ പോലീസും സിആർപിഎഫും സംയുക്തമായി തെരച്ചിൽ നടത്തുകയായിരുന്നു. ഇതിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്.

&&&&&&&&&&&&&&&&&&

## ROBERT VADRA - NOTICE

ഹരിയാനയിലെ ഷിക്കോപൂർ ഭൂമി ഇടപാട് കേസുമായി ബന്ധപ്പെട്ട് കോൺഗ്രസ് എം പി പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യവസായിയുമായ റോബർട്ട് വാദ്രയ്ക്ക് ഡൽഹി കോടതി നോട്ടീസ് അയച്ചു. കള്ളപ്പണം വെളുപ്പിക്കൽ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമർപ്പിച്ച കുറ്റപത്രം ഡൽഹി റൗസ് അവന്യൂ കോടതി പരിഗണിച്ച ശേഷമാണ് വാദ്ര ഉൾപ്പെടെ 11 വ്യക്തികൾക്ക് നോട്ടീസ് അയച്ചത്. ഈ മാസം 28 ന് കേസ് വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

## NHRC - CASTE-INDICATIVE NAMES

ജാതീയമായ വേർതിരിവ് സൃഷ്ടിക്കുന്ന തരത്തിൽ ഉള്ള ഗ്രാമങ്ങളുടെയും സ്ഥലങ്ങലളുടെയും പേരുകൾ ഒഴിവാക്കുന്നതിന് നടപടിയെടുക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. ഭരണഘടനാ മൂല്യങ്ങളായ സമത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുകയാണ് നടപടിയുടെ ലക്ഷ്യം. ഇത്തരം പേരുകൾ ഉപയോഗിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നൽകാനും കമ്മീഷൻ നോട്ടീസ് അയച്ചു.

&&&&&&&&&&&&&&&&&&

## CHHATTISGARH - NUN

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾ ജയിൽ മോചിതരായി. എൻ ഐ എ കോടതി ജാമ്യം അനുവദിച്ചതിനെ തുടർന്നാണ് ഇവർ മോചിതരായത്. പ്രത്യേക ഉപാധികളോടെയാണ് ജാമ്യം. അതെസമയം, കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിച്ചതിൽ കേന്ദ്ര- സംസ്ഥാന സർക്കാരുൾക്ക് തൃശ്ശൂർ അതിരൂപത അധ്യക്ഷൻ, മാർ ആൻഡ്രൂസ് താഴത്ത് നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

## NADDA ORGAN DONATION DAY (INTRO)

രാജ്യത്ത് കഴിഞ്ഞ ഒരു വർഷം മാത്രം 18,900 അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെപി നഡ്ഡ. ന്യൂഡൽഹിയിൽ നടന്ന 15-ാമത് അവയവദാന ദിനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2023-ൽ മൂന്ന് ലക്ഷത്തിലധികം പൗരന്മാർ നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ മുഖേന അവയവദാനത്തിന് സന്നദ്ധത പ്രകടിപ്പിച്ചു. അവയവമാറ്റത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണെന്നും ശ്രീ നഡ്ഡ അറിയിച്ചു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## PRAJWAL REVANNA

ബലാത്സംഗ കേസിൽ ജെഡിഎസ് മുൻ എം.പി പ്രജ്ജ്വൽ രേവണ്ണയ്ക്ക് ജീവപര്യന്തം ശിക്ഷ. ബംഗളൂരുവിലെ എം.പിമാർക്കും എം.എൽഎ മാർക്കുമുള്ള പ്രത്യേക കോടതിയാണ് ശിക്ഷ വിധിച്ചത്. 10 ലക്ഷം രൂപ പിഴയും ചുമത്തി. മുൻ പ്രധാനമന്ത്രി എച്ച്.ഡി ദേവഗൗഡയുടെ കൊച്ചുമകനാണ് പ്രജ്ജ്വൽ രേവണ്ണ.

&&&&&&&&&&&&&&&&&&

## UPI RECORD

രാജ്യത്ത് യുപിഐ പണമിടപാടുകളിൽ റെക്കോർഡ് വർധന. കഴിഞ്ഞ മാസം യുപിഐ- യിലൂടെ 1,947 കോടി ഇടപാടുകൾ നടത്തി. 25.1 ലക്ഷം കോടി രൂപക്ക് തുല്യമായ ഇടപാടുകളാണ് നടന്നത്. യുപിഐ പ്ലാറ്റ്ഫോമിൽ ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന പ്രതിമാസ പണമിടപാടാണ് ഇത്.

&&&&&&&&&&&&&&&&&&

## PM-PINGALI VENKAYYA

ഇന്ത്യൻ ദേശീയപതാക രൂപകൽപ്പന ചെയ്ത പിംഗലി വെങ്കയ്യയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ത്രിവർണ്ണ പതാക ഉയർത്തി ഹർ ഘർ തിരംഗ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## JOBS SCAM – VSSC

തിരുവനന്തപുരം വി എസ്സ് എസ്സ് സി-യിൽ ജോലി വാഗ്ദാനം ചെയ്യുന്ന വ്യാജ തൊഴിൽ റാക്കറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് അറിയിപ്പ് . തൊഴിൽ തട്ടിപ്പ് കേസിൽ സംസ്ഥാനത്ത് അഞ്ച് പേർ അറസ്റ്റിലായ സാഹചര്യത്തിലാണ് മുന്നറിയിപ്പ്. ഒഴിവുകൾ വിഎസ് സി സിയുടെയോ ഐ എസ് ആർ ഒയുടെയോ ഔദ്യോഗിക വെബ്സൈറ്റ് വഴി പരസ്യപ്പെടുത്തുന്നതാണെന്നും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## M.K SANU

മലയാളത്തിലെ പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ എം കെ സാനു അന്തരിച്ചു. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കവെയാണ് അന്ത്യം. 98 വയസ്സായിരുന്നു. 1987 ൽ എറണാകുളം മണ്ഡലത്തിൽ നിന്നും നിയമസഭയിലെത്തി. കേന്ദ്ര- കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. എം കെ സാനുവിൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## KERALA HIGHCOURT

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ അധികാരങ്ങൾ പരിശോധിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കാൻ സംസ്ഥാന സർക്കാരിന് കേരള ഹൈക്കോടതിയുടെ നിർദ്ദേശം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേരള സ്റ്റേറ്റ് മിഷൻ മുൻ ഓംബുഡ്സ്മാൻ ജോർജ്ജ് പുലികുത്തിയിൽ സമർപ്പിച്ച പൊതുതാൽപര്യ ഹർജിയിലാണ് ഉത്തരവ്.

&&&&&&&&&&&&&&&&&&

## MATRI VAN (INTRO)

പരിസ്ഥിതിയുടെ സംരക്ഷണത്തിന് വനവൽക്കരണം പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ. ഹരിയാനയിൽ കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവുമായി ചേർന്ന് 'മാതൃവനം' നഗരവത്കരണ സംരംഭത്തിന് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ ആഗോള വെല്ലുവിളികളിലൊന്നാണ് കാർബൺ ബഹിർഗമനമെന്നും

ശ്രീ മനോഹർലാൽ പറഞ്ഞു.

(ഹോൾഡ്)

ആരവല്ലി പർവ്വത നിരകളിലായി 750 ഏക്കർ ഭൂപ്രദേശത്താണ് മാതൃവനം പദ്ധതി നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&&

## IND VS ENG TEST CRICKET

ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 2 വിക്കറ്റിന് 75 റൺസ് എന്ന നിലയിൽ മൂന്നാം ദിനം ബാറ്റിംഗ് പുനഃരാരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 5 വിക്കറ്റിന് 255 റൺസ് എന്ന നിലയിലാണ്. യശ്വസി ജയ്സ്വാൾ സെഞ്ച്വറി നേടി. ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിംഗ്സ് സ്കോർ 247ന് അവസാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## MACAU OPEN

മക്കാവു ഓപ്പൺ ബാഡ്മിൻറൺ സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യസെൻ പുറത്ത്. ഇന്തോനേഷ്യൻ താരം അൽവി ഫർഹാനോടാണ് ലക്ഷ്യസെൻ തോൽവി വഴങ്ങിയത്. മറ്റൊരു സെമിയിൽ ഇന്ത്യൻ താരം തരുൺ മന്നേപ്പള്ളി മലേഷ്യൻ താരത്തോട് പരാജയപ്പെട്ടു. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായ് രാജ് രംഗിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിൽ മലേഷ്യൻ സഖ്യത്തോട് പരാജയപ്പെട്ടു..

&&&&&&&&&&&&&&&&&&&

## WORLD WRESTLING CHAMPIONSHIPS

ഏഥൻസിൽ നടന്ന അണ്ടർ 17 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ, രണ്ട് സ്വർണവും മൂന്ന് വെള്ളിയും ഉൾപ്പെടെ ആറ് മെഡലുകൾ നേടി ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങൾ ആധിപത്യം തുടരുന്നു. 43 കിലോഗ്രാം വിഭാഗത്തിൽ രചനയും, 65 കിലോഗ്രാം വിഭാഗത്തിൽ അശ്വിനി വിഷ്ണോയിയും സ്വർണം നേടി.

&&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ

മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ നാളെ വൈകുന്നേരം മുതൽ മറ്റെന്നാൾ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**CM – FILM CONCLAVE**

മലയാള സിനിമ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുന്നതിന് കേരള ഫിലിം പോളിസി കോൺക്ലേവ് സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിനിമാ നയ രൂപീകരണത്തിനായുള്ള കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രണ്ട് ദിവസം നീളുന്ന കോൺക്ലേവിൽ ഒൻപത് വിവിധ വിഷയങ്ങളിലായുള്ള പാനൽ ചർച്ചകൾ നടക്കും.

&&&&&&&&&&&&&&&&&&

**AMRIT UDYAN-OPEN**

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനത്തിൽ ഈ മാസം 16 മുതൽ അടുത്ത മാസം 14 വരെ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു. രാവിലെ 10:00 മുതൽ വൈകുന്നേരം 6:00 വരെയാണ് പ്രവേശനം. തിങ്കളാഴ്ചകളിൽ പ്രവേശനം ഉണ്ടാകില്ല. സന്ദർശകർക്ക് visit.rashtrapatibhavan.gov.in എന്ന വെബ്സൈറ്റ് വിലാസത്തിലൂടെ ഓൺലൈനായും, രാഷ്ട്രപതിഭവന്റെ ഗേറ്റ് നമ്പർ 35 ന് സമീപമുള്ള ബുക്കിങ് സംവിധാനം വഴി നേരിട്ടും ടിക്കറ്റുകൾ ബുക്ക് ചെയ്യാം. പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&